# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1003** — **01/03/2017** -ൽ മറുപടിക്ക്

## വൈപ്പിൻ ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വൈപ്പിൻ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ ശുദ്ധജല ടാങ്ക് നിർമ്മിക്കുന്നതിന് ജിഡയിൽ നിന്നും അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) ജിഡ പദ്ധതിക്ക് ഭരണാനുമതി നൽകിയ 5685.00 ലക്ഷം രൂപയിൽ ഞാറയ്ക്കൽ ടാങ്കിന് 569 ലക്ഷം രൂപയും മുരിക്കുംപാടം ടാങ്കിന് 545 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർമ്മാണങ്ങൾക്ക് ഏതു വർഷമാണ് ഭരണാനുമതി ലഭിച്ചതെന്നും പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ; | (ബി) പ്രസ്തുത നിർമ്മാണങ്ങൾക്ക് 20/9/2007-ൽ ആണ് ഭരണാനുമതി നൽകിയത്. ഞാറയ്ക്കൽ ടാങ്കിന്റെ മൂന്നാമത്തെ സ്റ്റേജ് കോളം വർക്ക് പൂർത്തിയായി. ബാക്കി പ്രവർത്തി പുരോഗമിച്ചുവരുന്നു. മുരിക്കുംപാടം ടാങ്കിന്റെ 30 കോളവും ഒന്നാം നിലയുടെ റൂഫ് സ്ലാബും പൂർത്തീകരിച്ചു. |
| (സി) മേൽ സൂചിപ്പിച്ച പ്രവൃത്തികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ ? | (സി) പ്രസ്തുത പ്രവർത്തികൾ 30/6/2017-ൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/